**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1105** **30-06-2022 - ൽ മറുപടിയ്ക്ക്**

**പുനർഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര മത്സ്യതൊഴിലാളി കുടുംബങ്ങളെയാണ് മാറ്റി പാർപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കാസർഗോഡ്, കുമ്പള, കാഞ്ഞങ്ങാട്, തൃക്കരിപ്പൂർ എന്നീ മത്സ്യഭവനുകളുടെ പരിധിയിൽ ഉൾപ്പെട്ട് വരുന്ന 1016 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ മാറ്റി പാർപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഇവർക്ക് ഭൂമി കണ്ടെത്തി മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ? | (ബി) | പദ്ധതി പ്രകാരം മാറ്റി പാർപ്പിക്കാൻ തീരുമാനിച്ച 1016 മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ 480 ഗുണഭോക്താക്കൾ മാറി താമസിക്കുവാൻ തയ്യാറല്ലാത്തവരാണ്. മാറി താമസിക്കുവാൻ സന്നദ്ധരായിട്ടുള്ള 536 ഗുണഭോക്താക്കളിൽ, 112 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഭൂമി രജിസ്ട്രേഷൻ പൂർത്തിയാക്കിയ ഗുണഭോക്താക്കളിൽ 34 ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിന്റെ ഒന്നാം ഘട്ടവും, 29 ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിന്റെ രണ്ടാം ഘട്ടവും, 6 ഗുണഭോക്താക്കൾ മൂന്നാം ഘട്ടവും പൂർത്തിയാക്കിയിട്ടുണ്ട്. മൂന്നാം ഘട്ടം പൂർത്തീകരിച്ച 16 പേരിൽ 4 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിച്ച് മാറിത്താമസിച്ചിട്ടുണ്ട്. ഭൂമി രജിസ്ട്രേഷൻ ഉൾപ്പെടെ തുടർ നടപടികൾ സ്വീകരിക്കേണ്ട 424 പേരിൽ 144 പേരെ കോയിപ്പാടിയിൽ നിർമ്മാണം ആരംഭിക്കുന്ന ഫ്ലാറ്റിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതാണ്. ശേഷിക്കുന്ന 280 പേരിൽ 21 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ വില ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. 259 ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിന് അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ